# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ കോളനികളെ മാതൃകാസങ്കേതങ്ങളാക്കുന്ന പദ്ധതി</u>

2727 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, സണ്ണി ജോസഫ്
,, എം.പി. വിന്‍സെന്റ്
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പട്ടികവര്‍ഗ്ഗ കോളനികളെ മാതൃകാസങ്കേതങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) എത്ര പട്ടികവര്‍ഗ്ഗകോളനികളാണ് ഈ പദ്ധതിയിന്‍കീഴില്‍ നവീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം ഭൗതിക സൗകര്യങ്ങളാണ് ഈ പദ്ധതിപ്രകാരം കോളനികളില്‍ ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മാതൃകാ പട്ടികവര്‍ഗ്ഗ കോളനികളുടെ രൂപീകരണം</u>

2728 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ കോളനികളെ മാതൃകാകോളനികളാക്കി മാറ്റുന്ന പദ്ധതി ഏതു ഘട്ടംവരെയെത്തിയെന്നു വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം കോളനികളെയാണ് ഇതുപ്രകാരം തെരഞ്ഞെടുത്തിട്ടുളളതെന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുളള ലിസ്റ്റ് ലഭ്യമാക്കുമോ;; ഇതുസംബന്ധിച്ച് സര്‍ക്കാര്‍ ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) ജില്ലയിലെ ഓരോ കോളനിയിലും ഏറ്റെടുത്തിരിക്കുന്ന പ്രവര്‍ത്തനങ്ങളുടെ ഇനം തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ഭവന പദ്ധതി</u>

2729 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, എം. എ വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കിയപ്പോൾ ഒഴിഞ്ഞുപോയ കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുമോ;

(സി) നിർമ്മാണം തുടങ്ങിവച്ച വീടുകൾ സമയബന്ധിതമായി പൂർത്തിയാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിച്ചു
നല്കുന്ന പദ്ധതി

2730 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിച്ചു നല്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഭവന രഹിതരായ പട്ടികവർഗ്ഗക്കാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വീടു നിർമ്മാണത്തിന് സഹായം വേണ്ടിവരുന്ന കുടുംബങ്ങളുടെ വിശദാംശം നല്കുമോ ;

(സി) ഈ പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് ഇതേവരെ വീടു നിർമ്മിച്ചു നല്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ കോളനികളുടെ വികസനം</u>

2731 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പട്ടികവര്‍ഗ്ഗ കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെങ്കിലും പദ്ധതികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ടി. ആർ. ഡി. എം. ലേക്ക് വകമാറ്റി തുക ചെലവഴിയ്ക്കൽ</u>

2732

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷത്തിൽ പ്ലാൻഫണ്ടിൽ നിന്നും ഏതെല്ലാം ഇനങ്ങളിലുള്ള തുക ടി. ആർ. ഡി. എം. - ലേക്ക് വകമാറ്റിയിട്ടുണ്ട്;

(ബി) ഇപ്രകാരം തുക മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ വിധം ടി. ആർ. ഡി. എം. - ലേക്ക് ഈ സാമ്പത്തിക വർഷാവസാനം ട്രാൻസ്ഫർ ക്രെഡിറ്റ് വഴിയോ അല്ലാതെയോ വകമാറ്റിയ തുക കഴിച്ചാൽ ശേഷിക്കുന്ന പ്ലാൻഫണ്ട് വിനിയോഗം എത്ര ശതമാനമാണ്; കണക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം നൽകിയ തുക ഏത് രീതിയിൽ വിനിയോഗിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ ക്ഷേമവകുപ്പിന്റെ 2012-13 ലെ പദ്ധതി വിഹിതം</u>

2733 ശ്രീ. എ.കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ ക്ഷേമ വകുപ്പിന്റെ 2012-13 ലെ പദ്ധതി വിഹിതത്തിന്റെ വിനിയോഗം 2012 നവംബര്‍ 30 വരെ എത്ര ശതമാനമാണ് ; പദ്ധതി തിരിച്ചുള്ള വിശദമായ പട്ടിക ലഭ്യമാക്കുമോ ;

(ബി) പദ്ധതി വിഹിതത്തില്‍ ഇതുവരെ തുകയൊന്നും ചെലവഴിക്കാത്ത പദ്ധതികള്‍ ഉണ്ടോ ; എങ്കില്‍ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ മേഖലയിൽ കോർപ്പസ് ഫണ്ട്</u>

2734 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ മേഖലയിൽ കോർപ്പസ് ഫണ്ടായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; ഏതൊക്കെ പദ്ധതികൾക്കാണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കായുള്ള
കേന്ദ്രാവിഷ്കൃത പദ്ധതി

2735 ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കായുള്ള കേന്ദ്രവിഷ്കൃത പദ്ധതിയുടെ വിശദാംശം നൽകാമോ ; പദ്ധതിയുടെ ആകെ തുക എത്രയായിരുന്നു ;

(ബി) കേന്ദ്രസർക്കാർ ഇതുവരെ എത്ര തുകയാണ് അനുവദിച്ചത് ; അതിൽ എത്ര തുക ഏതൊക്കെ പദ്ധതികൾക്കായാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ ;

(സി) കേന്ദ്രത്തിന് ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചിരുന്നത് ; ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

## പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

2736

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നാളിതുവരെ എത്ര കോടി രൂപ ലഭിച്ചു; ചെലവഴിച്ചു; കണക്ക് നൽകുമോ; പദ്ധതികൾ തരം തിരിച്ച് വിശദാംശം നൽകുമോ ;

(ബി) എന്തെല്ലാം സ്കീമുകൾക്കാണ് നാളിതുവരെ തുക ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; എത്ര കാലയളവിലേയ്ക്കായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; ഓരോ വർഷവും എത്ര കോടി രൂപ വീതമാണ് ലഭിയ്ക്കേണ്ടത്; ആയത് നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നാളിതുവരെ ഈ സ്കീമിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കാർഷിക സ്വയംതൊഴിൽ പദ്ധതി</u>

2737 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക കേന്ദ്ര സഹായം വിനിയോഗിച്ചുള്ള കാർഷിക സ്വയംതൊഴിൽ പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയിലൂടെ ഒരു ആദിവാസിക്ക് ലഭിക്കുന്ന ധനസഹായം എത്ര ; ഈ തുക ആദിവാസികൾ എപ്രകാരം വിനിയോഗിക്കണമെന്നാണ് പദ്ധതിയിൽ നിഷ്ക്കർഷിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>വിജ്ഞാന്‍ ഭാരതി പദ്ധതി</u>

2738 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍
,, വി. റ്റി. ബല്‍റാം
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിജ്ഞാന്‍ ഭാരതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(ബി) എവിടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവരുടെ വിദ്യാഭ്യാസ സൗകര്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോര്‍ട്ട് തയ്യാറാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ്
നൽകുന്ന നടപടി

2739 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്; ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; എത്ര പേർക്ക് നാളിതുവരെ കാർഡ് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ട്രെയിനിംഗ് സെന്ററുകളുടെ നവീകരണം

2740 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, വി.ഡി. സതീശൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ട്രെയിനിംഗ് സെന്ററുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) എന്ത് പരിശീലനമാണ് ഈ സെന്ററുകൾവഴി നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഈ ട്രെയിനിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ്</u>

2741 ശ്രീ. ബെന്നി ബെഹനാന്‍
'' സി. പി. മുഹമ്മദ്
'' റ്റി. എന്‍. പ്രതാപന്‍
'' കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍, എഞ്ചിനീയറിംഗ് കോഴ്സുകള്‍ക്ക് പ്രവേശനം ലഭിക്കുന്ന പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് എന്തെല്ലാം സഹായമാണ് നല്‍കിവരുന്നത് ;

(ബി) ഇവര്‍ക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതിയുടെ മറ്റ് വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്കുള്ള ചികിത്സ

2742 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗത്തിൽപെടുന്ന രോഗികൾക്ക് പരിയാരം മെഡിക്കൽ കോളേജിൽ എത്രരൂപവരെയുളള സൗജന്യചികിത്സയാണ് ലഭ്യമാകുന്നതെന്ന് അറിയിക്കാമോ;

(ബി) പരിധിയിൽ കൂടുതലായി വരുന്ന തുക രോഗിയിൽനിന്നും ഈടാക്കുന്നത് രോഗിക്ക് റീഇംബേഴ്സ് ചെയ്തു കൊടുക്കുവാൻ സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം ചികിത്സാ സൗകര്യങ്ങൾ ഉളളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പട്ടികവർഗ്ഗങ്ങളുടെ ക്ഷേമം

2743

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗങ്ങളുടെ എണ്ണം മലവേട്ടുവരെയും മാവിലൻമാരെയും, ഉൾപ്പെടുത്തുക വഴി 50000 ഓളം ആയിട്ടും ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ട പശ്ചാത്തല സൗകര്യങ്ങളും ഓഫീസ് സൗകര്യവും വർദ്ധിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കുറ്റിച്ചൽ പഞ്ചായത്തിൽ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സ്കൂൾ

2744 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ പഞ്ചായത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് എന്ത് പ്രാരംഭ നടപടി സ്വീകരിച്ചു ;

(ബി) ഇതിന് വേണ്ടി ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ തുക എത്ര ; നാളിതുവരെ ആയതിൽനിന്ന് വിനിയോഗിച്ച തുക എത്ര ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അരിവാൾ രോഗം ബാധിച്ചവർക്ക് ധനസഹായം</u>

2745 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ പട്ടിക വർഗ്ഗക്കാർക്കിടയിൽ അരിവാൾ രോഗം ബാധിച്ച എത്ര പേരെ ഇതുവരെ കണ്ടെത്തി; വെളിപ്പെടുത്തുമോ;

(ബി) ഇവർക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പേർക്ക് ധനസഹായം നൽകി; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ ധനസഹായം നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകിയതിന്റെ വിശദാംശം

2746

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര ആദിവാസികൾക്ക് എവിടെയൊക്കെ എത്ര വീതം ഭൂമി പതിച്ചുനൽകിയിട്ടുണ്ട്; വെളിപ്പെടുത്താമോ;

(ബി) എത്ര ആദിവാസി കുടുംബങ്ങൾക്ക് എവിടെയൊക്കെ വീട് വച്ച് നൽകിയിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആദിവാസി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകൽ</u>

2747 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി പഞ്ചായത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ട് ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി സ്ഥലവും വീടും ഉള്ളത് ;

(സി) ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്ന നടപടി ഏത് ഘട്ടംവരെയായി ;

(ഡി) മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും സ്ഥലവും വീടും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്ന് പൂർത്തിയാക്കുവാൻ സാധിക്കും ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ആദിവാസി സംരക്ഷണ പദ്ധതി</u>

2748

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസികളുടെ സംരക്ഷണത്തിന് കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതി എന്തായിരുന്നു; വിശദമാക്കാമോ;

(ബി) കേന്ദ്ര കൃഷി മന്ത്രാലയം ആയതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അഹാഡ്സ് പദ്ധതി അവസാനിപ്പിച്ചതിനു പകരമായിട്ടാണോ ഈ പദ്ധതിയ്ക്ക് രൂപം നൽകിയിരുന്നത്;

(ഡി) അഹാഡ്സ് പദ്ധതിയുടെ ഭാഗമായിട്ടുള്ള ആദിവാസികളെ ഏതെല്ലാം നിലയിൽ സംരക്ഷിക്കും എന്നാണ് പ്രഖ്യാപിച്ചിരുന്നത്; പ്രഖ്യാപനമനുസരിച്ചുള്ള നടപടികൾ വിശദമാക്കാമോ; എത്ര ആദിവാസികളെ ഇപ്രകാരം സംരക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>യുവജന കമ്മീഷൻ</u>

2749 ശ്രീ. വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാം ;

(സി) കമ്മീഷന്റെ ഘടനയും പ്രവർത്തന രീതിയും വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ യുവജനപ്രവർത്തനങ്ങളുടെ ഏകോപനം</u>

2750 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഇതിനായി ഒരു പ്രത്യേക സംവിധാനം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിവിധയുവജനക്ഷേമ പ്രവർത്തനങ്ങൾ പ്രസ്തുത സംവിധാനത്തിൽ കീഴിൽ കൊണ്ടുവരാൻ നടപടി എടുക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

യൂത്ത് കോ ഓർഡിനേറ്റർ

2751 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, പി. കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോ ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഇവരുടെ പ്രവർത്തന പരിധി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രവർത്തനം കൊണ്ടുണ്ടായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?